**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2940** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം തിരുവമ്പാടി മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നും ജനങ്ങൾക്കും സ്വത്തുവകകൾക്കും സംരക്ഷണം നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) | തിരുവമ്പാടി നിയമസഭാ മണ്ഡലം പരിധിയിൽ വരുന്ന തിരുവമ്പാടി, കൂടരഞ്ഞി, കോടഞ്ചേരി എന്നീ പഞ്ചായത്തുകളിലെ വനാതിർത്തി ഭാഗങ്ങളിൽ 2020-21 കാലയളവിൽ 8 കി.മീ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. ആയത് തിരുവമ്പാടി പഞ്ചായത്തിലെ മുരിങ്ങിയിലത്തോട് സൈഡ് മുതൽ കോഴിപ്പറത്ത് ഏരിയ വരെ 2 കി.മി ദൂരത്തിലും അതെ പഞ്ചായത്തിലെ കെ.ടി.സി മുതൽ 90 ഏരിയ വരെ 2 കി മി ദൂരത്തിലും. കൂടരഞ്ഞി പഞ്ചായത്തിലെ തോണിപ്പാറ സൈഡ് മുതൽ ആനക്കല്ലമ്പാറ വരെ 2 കി.മീ ദൂരത്തിലും, കോടഞ്ചേരി പഞ്ചായത്തിലെ തുഷാരഗിരിയിൽ 2 കി.മി ദൂരത്തിലും ആണ് സ്ഥാപിച്ചിട്ടുള്ളത്. അവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നുണ്ട്.<br>തിരുവമ്പാടി ഭാഗങ്ങളിലെ വനപ്രദേശങ്ങളിൽ ഗള്ളി പ്ലഗ്ഗിങ്ങ് നടത്തുകയും, വി.എസ്.എസ് മുഖേന പുഴയോരങ്ങളിൽ മുള തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വന്യമൃഗ സംഘർഷം ഉണ്ടായാൽ തൽസമയം അറിയിക്കുന്നതിനായി ടി പ്രദേശത്തെ ജീവനക്കാരേയും പഞ്ചായത്ത് മെമ്പർമാരേയും പ്രശ്നബാധിത മേഖലകളിലെ ജനങ്ങളേയും ഉൾപ്പെടുത്തികൊണ്ട് വാട്സപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവികൾ സ്വകാര്യ സ്ഥലത്ത് ഇറങ്ങിയാൽ അവയെ സുരക്ഷിതമായി കാട്ടിലേക്ക് തുരത്തുന്നതിന് താമരശ്ശേരി ആർ.ആർ.ടി യുടെ സേവനം നൽകി വരുന്നുണ്ട്. പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഇത്തരത്തിലുണ്ടാകുന്ന വന്യജീവി സംഘർഷം ചർച്ച ചെയ്യുന്നതിനും, ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതിനുമായി ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ച് വരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം റെയിഞ്ച് തലത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ വന്യജീവികൾ മൂലം ജീവനും |

| | | | |
|---|---|---|---|
| | | | സ്വത്തിനും നാശം സംഭവിക്കുന്ന പക്ഷം അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അർഹമായ നഷ്ടപരിഹാരതുകയും നൽകി വരുന്നുണ്ട്. |
| (ബി) | വരും വർഷങ്ങളിൽ ഈ മണ്ഡലത്തിലെ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നല്കാമോ? | (ബി) | താമരശ്ശേരി റെയിഞ്ചിലെ കൂടരഞ്ഞി, തിരുവമ്പാടി പഞ്ചായത്തുകൾ ഉൾപ്പെടുന്ന മണ്ണാർപൊയിൽ മുതൽ ഓളിക്കൽ വരെ 15.5 കി.മീ ദൂരത്തിൽ ഹാംഗിങ്ങ് സോളാർ ഫെൻസ് കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവമ്പാടി പഞ്ചായത്തിലെ പൊന്നാങ്കയം മുതൽ ചെറുശ്ശേരി വരെ 8 കി.മീ ദൂരം ഫെൻസിംഗ് നിർമ്മിക്കുന്നതിനും നായർകൊല്ലി കേന്ദ്രീകരിച്ച് താത്കാലിക ആർ.ആർ.ടി രൂപീകരിക്കുന്നതിനും വേണ്ട നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ